പതിമൂന്നാം കേരള നിയമസഭ
എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. *88 20.03.2013 ൽ മറുപടിയ്ക്ക്

## ഡാം റീഹാബിലിറ്റേഷൻ ഇംപ്രൂവ്മെന്റ് പ്രോജക്ട്

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.ഇ.ചന്ദ്രശേഖരൻ:<br>ശ്രീ.മുല്ലക്കര രത്നാകരൻ:<br>ശ്രീമതി.ഗീതാ ഗോപി:<br>ശ്രീ.കെ.രാജു: | | ശ്രീ. പി.ജെ.ജോസഫ്<br>(ബഹു. ജലവിഭവ വകുപ്പുമന്ത്രി) |
| (എ) ഡാം റീഹാബിലിറ്റേഷൻ ഇംപ്രൂവ്മെന്റ് പ്രോജക്ട് അനുസരിച്ച് കേരളത്തിലെ ജല സംഭരണികളുടെ നവീകരണത്തിന് നടപടികൾ ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം ജല സംഭരണികളാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുന്നതെന്ന് വ്യക്തമാക്കുമോ; | (എ) | ഉണ്ട്. ജലസേചന വകുപ്പിന്റെ നിയന്ത്രണത്തിലുള്ള 19 അണക്കെട്ടുകളും വൈദ്യുതി ബോർഡിന്റെ നിയന്ത്രണത്തിലുള്ള 12 പദ്ധതികളും (28 ഡാമുകൾ) നിലവിൽ നവീകരണവും പുനരുദ്ധാരണവും പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ജലസേചന വകുപ്പിന്റെ നിയന്ത്രണത്തിലുള്ള പദ്ധതികൾ താഴെ ചേർക്കുന്നു.<br><br>1. മലമ്പുഴ<br>2. പീച്ചി<br>3. വാളയാർ<br>4. നെയ്യാർ<br>5. മീൻകര<br>6. ചുള്ളിയാർ<br>7. മംഗലം<br>8. വാഴാനി<br>9. കല്ലട<br>10. പോത്തുണ്ടി<br>11. പമ്പ ബാരേജ്<br>12. പെരിയാർവാലി ബാരേജ്<br>13. കാഞ്ഞിരപ്പുഴ<br>14. കുറ്റിയാടി<br>15. പഴശ്ശി ബാരേജ്<br>16. മൂലത്തറ റെഗുലേറ്റർ<br>17. ശിരുവാണി<br>18. മലങ്കര<br>19. ചിമ്മിനി |

| | | |
|---|---|---|
| | | വൈദ്യുതി ബോർഡിന്റെ നിയന്ത്രണത്തിലുള്ള പദ്ധതികൾ താഴെ ചേർക്കുന്നു.<br><br>1. ശബരിഗിരി<br>2. ഷോളയാർ<br>3. ഇടുക്കി<br>4. ചെങ്കുളം<br>5. പെരിങ്ങൽക്കൂത്ത്<br>6. ഇടമലയാർ<br>7. കുറ്റ്യാടി<br>8. നേര്യമംഗലം<br>9. പള്ളിവാസൽ<br>10. പന്നിയാർ<br>11. ലോവർ പെരിയാർ<br>12. കക്കാട് |
| (ബി) പ്രസ്തുത പദ്ധതിക്ക് ഫണ്ട് ലഭ്യമാക്കുന്നതു സംബന്ധിച്ച വിശദാംശം വ്യക്തമാക്കുമോ ; | (ബി) | ജലസേചന വകുപ്പിനു വേണ്ടി 111.7 കോടി രൂപയും സംസ്ഥാന വൈദ്യുതിബോർഡിനു വേണ്ടി 99.47 കോടി രൂപയും ഉൾപ്പെടെ ആകെ 211.17 കോടി രൂപയുടെ സംക്ഷിപ്ത പദ്ധതി റിപ്പോർട്ട് തയ്യാറാക്കി ലോകബാങ്കിന് സമർപ്പിച്ചു. ലോകബാങ്ക് 280 കോടി രൂപയുടെ പദ്ധതി അംഗീകരിക്കുകയും അതിന്റെ 80% ലോണായി നൽകുവാൻ തീരുമാനിക്കുകയും ബാക്കി 20% സംസ്ഥാന വിഹിതമായി കണ്ടെത്തുവാൻ നിർദ്ദേശിക്കുകയും ചെയ്തു. ഈ പദ്ധതിക്കുള്ള 80% ധന സഹായം ലോകബാങ്കിന്റെ നിയന്ത്രണത്തിലുള്ള IDA (International Development Bank) യും IBRD (International Bank for Reconstruction and Development) യും വഴി 50:50 എന്ന അനുപാതത്തിൽ വായ്പയായി ലഭിക്കുന്നു. മേൽപ്പറഞ്ഞ തുകയിൽ 158.04 കോടി രൂപയാണ് ജലസേചന വകുപ്പിനായി നീക്കിവച്ചിട്ടുള്ളത്. |
| (സി) എത്ര കാലയളവിനുള്ളിൽ പ്രസ്തുത ഡാമുകളുടെ നവീകരണം പൂർത്തിയാക്കാൻ കഴിയുമെന്ന് അറിയിക്കുമോ? | (സി) | 18.04.12-ൽ നിലവിൽ വന്ന ഈ പദ്ധതി 6 വർഷം കൊണ്ട് പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത്. |

**സെക്ഷൻ ഓഫീസർ**